1) **<u>28.04.2018 ശനിയാഴ്ച രാവിലെ 10.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 493–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 1/2018–19</u>**

*24.03.2018 ൽ കൂടിയ 492–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

24.03.2018–ൽ കൂടിയ 492–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 2/2018–19</u>**

*19.02.2018–ൽ കൂടിയ 490–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

19.02.2018–ൽ കൂടിയ 490–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 3/2018–19</u>**

*19.02.2018–ൽ കൂടിയ 491–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

19.022018–ൽ കൂടിയ 491–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>4. തീരുമാനം നമ്പർ 4/2018–19</u>**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – സി.എം.ഡി.എസ്.-ലെ സ്പേസ് നമ്പർ 84 – കോമൺ ഏരിയയിൽ ആയതിനാൽ എഗ്രിമെന്റ് ക്യാൻസൽ ചെയ്യുന്നത് – സംബന്ധിച്ച്. (നം. 12243/സി–14/1989/ജി.സി.ഡി.എ)*

സി.എം.ഡി.എസ്. ഷോപ്പിംഗ് കോംപ്ലക്സിലെ സ്പേസ് നമ്പർ 84, കൊമേഴ്സ്യൽ കോംപ്ലക്സിന്റെ അംഗീകൃത പ്ലാൻ പ്രകാരം സ്റ്റെയർ, ലിഫ്റ്റ്, ഫയർ ഡക്റ്റ് എന്നിവയിലേയ്ക്ക് പ്രവേശിക്കുന്നതിനായുള്ള പൊതുസ്ഥലം/ഇടനാഴിയിലാണ് അലോട്ട്

ചെയ്തിരിക്കുന്നത് എന്നതിനാൽ ശ്രീമതി. കെ.ആർ. രഞ്ജിനിയുടെ പേരിലുള്ള ടി സ്പേസിന്റെ അലോട്ട്മെന്റ്/എഗ്രിമെന്റ് റദ്ദാക്കുന്നതിനും ഒന്നാം നിലയിൽ മറ്റൊരു മുറി കൺസഷൻ റേറ്റിൽ, ടിയാരിക്ക് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 5/2018-19**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ജിസിഡിഎ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നവീകരണം - സംബന്ധിച്ച്. (നം. ഇ.4/1257/2018/ജി.സി.ഡി.എ)*

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം ജിസിഡിഎ വക വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിന് ഇരട്ടിയിലധികം സാമ്പത്തിക ചെലവ് വരുമെന്നതിനാൽ ടി കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് നില നിർത്തുന്നതിനും അടങ്കൽ തുക 3,22,00,000/- രൂപ അംഗീകരിക്കുന്നതിനും വിഷയം സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനും തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 6/2018-19**

*ജി.സി.ഡി.എ. - റവന്യൂ I വിഭാഗം - തോട്ടക്കാട്ടുകര നഗരാസൂത്രണ പദ്ധതിയിൽ പ്ലോട്ട് നമ്പർ 40-ന്റെ അധിക ഭൂവില - പലിശ ഇളവ് ചെയ്യുന്നത് - സംബന്ധിച്ച്. (നം. സി-3/റവന്യൂ/തോട്ടക്കാട്ടുകര/പ്ലോട്ട്-40/ജി.സി.ഡി.എ)*

അതോറിറ്റിയുടെ തോട്ടക്കാട്ടുകര നഗരാസൂത്രണ പദ്ധതിയിൽപ്പെട്ട പ്ലോട്ട് നമ്പർ 40-ന്റെ അലോട്ടി ശ്രീ. കെ.മുഹമ്മദാലിക്ക് (എക്സ്. എം.എൽ.എ.) ടി സ്ഥലത്തിന്റെ അധികഭൂവില ഒറ്റത്തവണയായി അടയ്ക്കുകയാണെങ്കിൽ പിഴ പലിശ ഒഴിവാക്കുന്നതിനും സർക്കാർ അനുമതിയ്ക്ക് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 7/2018-19**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - മെ. വിഷ്ണു രാജേന്ദ്രൻ ആന്റ് കമ്പനി, ചാർട്ടേർഡ് അക്കൌ ന്റ്സിന് പ്രൊഫഷണൽ ഫീസ് നൽകുന്നത് - സംബന്ധിച്ച്. (നം. 7121/എഫ്.ഡി.3/2011/ജി.സി.ഡി.എ)*

ജിസിഡിഎ എംപ്ലോയീസ് പെൻഷൻ ഫ ് ട്രസ്റ്റിന്റെ പേരിൽ 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിംഗ് നടത്തിയതിനും ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയതതിലേയ്ക്കുമായി എസ്.ജി.എസ്.ടി., സി.ജി.എസ്.ടി. എന്നിവ ഉൾപ്പെടെ 1,06,200/-രൂപ മെ. വിഷ്ണു രാജേന്ദ്രൻ ആന്റ് കമ്പനി ചാർട്ടേർഡ് അക്കൌ ന്റ്സിന് അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 8/2018-19**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – എറണാകുളത്ത് 18 കോടതികൾ പ്രവർത്തിക്കുന്ന കോടതി സമുച്ചയത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ടെ  ർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയ നടപടി – സാധൂകരണം – സംബന്ധിച്ച്.*
*(നം. ഇ.3/164/2018/ജി.സി.ഡി.എ)*

എറണാകുളത്ത് 18 കോടതികൾ പ്രവർത്തിക്കുന്ന കോടതി സമുച്ചയത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഇ–ടെ  ർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s THE MEPCE എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 9/2018–19**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – ജിസിഡിഎ ഓഫീസിന് മുകളിലെ സോളാർ പാനലുകൾ ഉയർത്തി സ്ഥാപിക്കുന്നതിന്റെയും പുതിയ പാനലുകൾ സ്ഥാപിക്കുന്നതിന്റെയും എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നത് – സംബന്ധിച്ച്.*
*(നം. ഇ.4/94/18/ജി.സി.ഡി.എ)*

ജിസിഡിഎ ഓഫീസിന് മുകളിൽ പുതിയതായി റൂഫിംഗ് നടത്തി അതിനു മുകളിൽ സോളാർ പാനൽ സ്ഥാപിക്കുവാൻ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെ  ർ ചെയ്യുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 10/2018–19**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – ജിസിഡിഎ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ റെനവേഷൻ എന്ന പ്രവൃത്തിയുടെ സ്ട്രക്ച്ചറൽ മെയിന്റനൻസ് – സംബന്ധിച്ച്.*
*(നം. ഇ.4/770/2018/ജി.സി.ഡി.എ)*

അജ  കുറിപ്പിൽ വിവരിച്ചത് പ്രകാരം ഗാന്ധി നഗറിലുള്ള ജിസിഡിഎ വക വർക്കിംഗ് വിമൻസ് ഹോസ്റ്റൽ റെനവേഷൻ എന്ന പ്രവൃത്തിയ്ക്കായി ഇ–ടെ  ർ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത മെ.അജ്ജ കൺസ്ട്രക്ഷൻസിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 11/2018–19**

*ജി.സി.ഡി.എ. – പൊതുഭരണ വിഭാഗം – അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് ടൗൺ പ്ലാനർമാർ എന്നിവർക്ക് ചുമതലകൾ നിശ്ചയിച്ചു നൽകുന്നത് – സംബന്ധിച്ച്.*
*(നം. 485/ജി–3/2013/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാഥമിക ചുമതല വഹിക്കുന്ന അസി.എഞ്ചിനീയർമാർക്കും സ്ഥലങ്ങളുടെ വിവരങ്ങൾ (സ്കെച്ച്, മാപ്പ്, സ്കീം ഫയലുകൾമുതലായവ) സൂക്ഷിക്കുന്ന അസി.ടൗൺ പ്ലാനർമാർക്കും ചുമതലകൾ നിശ്ചയിച്ച് നൽകുന്നതിന് തീരുമാനിച്ചു. പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം അസി.എക്സി. എഞ്ചിനീയർ, എക്സി.എഞ്ചിനീയർ എന്നിവർക്കും ചുമതലകൾ നിശ്ചയിച്ച് നൽകുന്നതിനും തീരുമാനിച്ചു. ഡെപ്യൂട്ടി ടൗൺ പ്ലാനർ, ടൗൺ പ്ലാനർ എന്നിവർക്കും ചുമതലകൾ നിശ്ചയിച്ച് നൽകുന്നതിനും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 12/2018-19**

*ജി.സി.ഡി.എ. - ജീവനക്കാര്യം - അന്യത്ര സേവന വ്യവസ്ഥയിൽ അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സീന എം.റ്റി.യുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. (നം. 7061/എസ്റ്റാ.1/2016/ജി.സി.ഡി.എ)*

അതോറിറ്റിയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സീന എം.റ്റി.യുടെ അന്യത്ര സേവന കാലാവധി 04.08.2018 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 13/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് മൈതാനം - നൈപുണ്യം സ്കിൽ ഫീസ്റ്റ-2018 നടത്തുന്നതിന് - ലേബർ ആന്റ് സ്കിൽഡ് ഡിപ്പാർട്ട്മെന്റിന് 25% വാടകയിൽ ഇളവ് നൽകി അനുവദിച്ചത് - സാധൂകരണം - സംബന്ധിച്ച്.*
*(നം. 9353/എസ്റ്റേറ്റ്/എ-3/2017/ജി.സി.ഡി.എ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് മൈതാനം ലേബർ ആന്റ് സ്കിൽഡ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന നൈപുണ്യം സ്കിൽ ഫീസ്റ്റ-2018 എന്ന പരിപാടി നടത്തുന്നതിന് 23.04.2018 മുതൽ 02.05.2018 വരെ 25% വാടകയിളവോടു കൂടി അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 14/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - രാജേന്ദ്ര മൈതാനം - ജൈവ കാർഷിക വിപണനമേള നടത്തുന്നതിന് - 25% വാടകയിളവ് നൽകി അനുവദിച്ചത് - സംബന്ധിച്ച്.*
*(നം. 1067/എസ്റ്റേറ്റ്/എ-3/2018/ജി.സി.ഡി.എ)*

രാജേന്ദ്ര മൈതാനം ജൈവ കാർഷികോത്സവം 2018 നടത്തുന്നതിനായി 09.04.2018 മുതൽ 13.04.2018 വരെ വാടകയിൽ 25 % ഇളവ് നൽകി ഓർഗാനിക് കേരള ചാരിറ്റബിൾ ട്രസ്റ്റിന് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 15/2018-19**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. അജിത റ്റി.എ.യുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.*
*(നം. ഇ.2/3720/2006/ജി.സി.ഡി.എ)*

കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ സൈറ്റ് ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റായും ഹൗസ് കീപ്പറായും ജോലി ചെയ്ത് വരുന്ന ശ്രീമതി. അജിത.റ്റി.എയുടെ സേവനം 10.05.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 16/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് ഹെലിപാഡ് മൈതാനം - കെ.പി.എം.എസ്.-ന്റെ സെമിനാർ നടത്തുന്നതിന് - 25% വാടകയിളവ് നൽകി അനുവദിച്ചത് - സംബന്ധിച്ച്.*
*(നം. 1497/എസ്റ്റേറ്റ്/എ.3/2018/ജി.സി.ഡി.എ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് ഹെലിപാഡ് മൈതാനം 26.03.2018 ൽ കേരള പുലയർ മഹാസഭയ്ക്ക് സെമിനാർ നടത്തുന്നതിന് 25% വാടകയിളവ് നൽകി അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 17/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് ഹെലിപാഡ് മൈതാനം - ഓൾ കേരള ഹോക്കി ടൂർണമെന്റ് നടത്തുന്നതിന് - 25% വാടകയിളവ് നൽകി അനുവദിച്ചത് - സാധൂകരണം - സംബന്ധിച്ച്.*
*(നം. 866/എസ്റ്റേറ്റ്/എ.3/2018/ജി.സി.ഡി.എ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് ഹെലിപാഡ് മൈതാനം ഓൾ കേരള ഹോക്കി ടൂർണമെന്റ് നടത്തുന്നതിന് 21.04.2018 മുതൽ 22.04.2018 വരെ 25% വാടകയിളവ് നൽകി അനുവദിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 18/2018-19**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിന് കിഴക്കുവശം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 20.04.2018 മുതൽ 19.07.2018 വരെ 3 മാസകാലയളവിലേയ്ക്ക് മാത്രം മെ. ക്രെസന്റ് കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് അനുവദിച്ച് നൽകിയ നടപടിയുടെ സാധൂകരണം - സംബന്ധിച്ച്.*
*(നം. 1382/എസ്റ്റേറ്റ്/ബി.3/2018/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റി വക കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിന് കിഴക്കുവശം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 20.04.2018 മുതൽ 19.07.2018 വരെ 3 മാസക്കാലയളവിലേയ്ക്ക് മാത്രം അതോറിറ്റി ആവശ്യപ്പെടുന്ന മുറയ്ക്ക് ഒഴിഞ്ഞ് തരണമെന്ന വ്യവസ്ഥയോടെ മെ. ക്രസന്റ് കോൺട്രാക്ടേഴ്സ് പ്രൈ. ലിമിറ്റഡിന് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 19/2018-19**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കെ.വി.യ്ക്ക് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ലൈറ്റ് റൂഫിംഗ് ചെയ്യുന്നത് - സംബന്ധിച്ച്.*
*(നം. ഇ.1/5399/2012/ജി.സി.ഡി.എ)*

കേന്ദ്രീയ വിദ്യാലയത്തിന് എതിർവശത്തുള്ള ജിസിഡിഎ വക ഷോപ്പിംഗ് കോംപ്ലക്സ് $830m^2$ ഏരിയ ലൈറ്റ് റൂഫിംഗ് ചെയ്യുന്ന പ്രവൃത്തിയ്ക്കായി ടെ□ ർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയായ 15,04,735/- രൂപ ക്വാട്ട് ചെയ്ത ശ്രീ. സുനീർ ടി.എയ്ക്ക് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 20/2018-19**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് മറുപടി അംഗീകരിക്കുന്നത് - സംബന്ധിച്ച്.*
*(നം. 1513/എഫ്.സി.3/2017/ജി.സി.ഡി.എ)*

2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടി അംഗീകരിക്കുന്നതിനും ആയത് സംസ്ഥാന ഓഡിറ്റ് വകുപ്പിനും ബഹു. സർക്കാരിലേയ്ക്കും അയച്ചു നൽകുന്നതിനും തീരുമാനിച്ചു.

**<u>21. തീരുമാനം നമ്പർ 21/2018-19</u>**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- അതോറിറ്റി വക മറൈൻഡ്രൈവ് ഫെഡറൽ ടവറിനു മുൻവശം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം നിലവിലെ ടെ□ ർ തുകയിൽ 8% വർദ്ധനവ് വരുത്തി മെ. ഫെഡറൽ ബാങ്കിന് അനുവദിച്ച് നൽകിയ - നടപടി - സാധൂകരണം - സംബന്ധിച്ച്.*
*(നം. ബി3/871/2016/ജിസിഡിഎ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് ഫെഡറൽ ടവറിന് മുൻവശം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 20.04.2018 മുതൽ 19.04.2019 വരെ നിലവിലെ ടെ□ ർ തുകയിൽ 8% വർദ്ധനവ് വരുത്തി 12,97,080/- രൂപയ്ക്ക് മെ. ഫെഡറൽ ബാങ്കിന് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>22. തീരുമാനം നമ്പർ 22/2018-19</u>**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (DDFS) അറ്റൻഡൻസ് മാനേജ്മെന്റ് പേയ്റോൾ സോഫ്റ്റ് വെയർ എന്നിവയുടെ പ്രൊപ്പോസൽ അംഗീകരിക്കുന്നത് - സംബന്ധിച്ച്.*
*(നം. ഇ3/76/2018/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റിയിൽ ഡിജിറ്റൽ ഡോക്യൂമെന്റ് ഫയലിംഗ് സിസ്റ്റം, ജീവനക്കാരുടെ അറ്റൻഡൻസ് മാനേജ്മെന്റ് പേയ്റോൾ സോഫ്റ്റ് വെയർ എന്നിവയ്ക്കായി മെ. കെൽട്രോണിൽ നിന്നുള്ള പ്രപ്പോസൽ അംഗീകരിക്കുന്നതിനും മെ. കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

യോഗം 10.30 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി